പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6247 | 02/04/2018 ൽ മറുപടിക്ക്

## ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു; | (എ) | ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് മുൻ സർക്കാരിന്റെ കാലത്ത് 14/05/2015 ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. 2017-18 ലെ ശബരിമല മണ്ഡലമകരവിളക്ക് തീർത്ഥാടനത്തിനോടനുബന്ധിച്ച് ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗത്തിലെടുത്ത തീരുമാനമനുസരിച്ച് 22/01/2018 നും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ച് കത്ത് നൽകിയിട്ടുമുണ്ട്. |
| (ബി) | ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സഹായത്തോടെ തീർത്ഥാടകർക്ക് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ശബരിമലയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | (സി) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | വർഷം തോറും സംസ്ഥാനത്തിന് പുറത്ത് നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന മണ്ഡല - മകരവിളക്ക് കാലത്ത് അവർക്ക് ആവശ്യമായ സഹായം നൽകുന്നതിന് സംസ്ഥാനാതിർത്തിയിൽ ഇൻഫർമേഷൻ കം ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ? | (ഡി) | ശബരിമല തീർത്ഥാടനത്തിനോടനുബന്ധിച്ച് നടത്തിയിട്ടുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ യോഗങ്ങളിൽ കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കാൻ സംസ്ഥാനങ്ങൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടകർക്ക് മതിയായ സൗകര്യങ്ങളൊരുക്കുന്നതിനായ ഇടത്താവള സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ